


# നല്ല ഇടയൻ

(യോഹ. 10:1 – 21)

Vol. 10, Issue: 47

ബ്ര. ജെറിൻ കുര്യളാനിക്കൽ MCBS

“കർത്താവ് എന്റെ ഇടയനാകുന്നു; എനിക്കൊന്നിനും കുറവുണ്ടാകില്ല” എന്ന സങ്കീർത്തകന്റെ വാക്കുകളെന്നും നമ്മുടെ മനസ്സുകൾക്ക് ധൈര്യവും ആശ്വാസവും പ്രദാനം ചെയ്യുന്ന ഒരു വചനമാണ്. നല്ല ഇടയനായ ദൈവം ഇസ്രായേൽ ജനത്തെ ഈജിപ്തിൽ നിന്നു മോചിപ്പിക്കുകയും ജോഷ്വാ എന്ന പ്രവാചകനിലൂടെ നയിക്കുന്നതായും ഒന്നാം വായനയിൽ നാം വായിച്ചുകേട്ടു. പകൽ മേഘസ്തംഭമായും രാത്രിയുടെ യാമങ്ങളിൽ അഗ്നിത്തൂണായും കൂടെനടന്ന് ജനത്തെ കാനാൻദേശത്തേയ്ക്ക് നയിച്ച നല്ല ഇടയനായ ദൈവംതമ്പുരാൻ, തന്റെ ജനത്തെ നയിക്കാൻ ഇടയന്മാരെ നിയമിച്ചാക്കിയെങ്കിലും ഇടയന്മാർ ഇടയധർമ്മം മറന്ന സാഹചര്യത്തിൽ ജെറമിയ പ്രവാചകനിലൂടെ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു: “അവർക്കു പകരം നല്ല ഇടയനെ അയയ്ക്കും. അല്ലാ, താൻ തന്നെ നല്ല ഇടയനായി അവരെ നയിക്കും” എന്ന്. ആടുകളെ തോളിലേറ്റിനിൽക്കുന്ന നല്ല ഇടയനായ തമ്പുരാന്റെ ചിത്രം നമ്മുടെ മനസ്സുകളിൽ മൺമറയാതെയുണ്ട്. നല്ല ഇടയനെ അയയ്ക്കുമെന്ന ദൈവഹിതം നിറവേറിയത് പുതിയനിയമത്തിലെ യേശുവിലൂടെയാണ്. ഈ നല്ല ഇടയനായ യേശുവിന്റെ ഇടയധർമ്മത്തെപ്പറ്റി ധ്യാനിച്ചുകൊണ്ട് നല്ല ഇടയന്മാരായി മാറാനുള്ള ക്ഷണമാണ് തിരുസഭാമാതാവ് ഈ ദിനം നൽകുക.

താൻ നല്ല ഇടയനാണെന്നും നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ ബലികഴിക്കുകയും ചെയ്യുമെന്ന് അരുളിച്ചെയ്യുകയും സ്വജീവിതത്തിൽ നല്ല ഇടയന്റെ ധർമ്മം വരച്ചുകാണിക്കുകയും ചെയ്തവനാണ് ഈശോ. ഈ നല്ല ഇടയനെപ്പറ്റിയാണ് ഏശയ്യാ പ്രവാചകൻ ഇങ്ങനെ പറയുന്നത്: “അവൻ

ആട്ടിൻപറ്റത്തെ ഇടയനെപ്പോലെ നയിക്കും. തള്ളയാടുകളെ സാവകാശം നടത്തും.'' ഇതിലും മനോഹരമായി എങ്ങനെ വർണ്ണിക്കാൻ കഴിയും. കാലിത്തൊഴുത്തിൽ പിറക്കുകയും പരസ്യ ജീവിതകാലത്ത് ഇടയധർമ്മം വളരെ മനോഹരമായി നിർവ്വഹിക്കുകയും ചെയ്ത ഈശോ എന്ന ഇടയനെ മറ്റ് ഇടയന്മാരിൽ നിന്നും വ്യത്യസ്തനാക്കുന്നത് അവൻ ആടുകൾക്കുവേണ്ടി ജീവനർപ്പിച്ചു എന്നുള്ളതാണ്. സഭാപിതാവായ ക്രിസോസ്തോം പഠിപ്പിക്കുന്നത്: ''മനുഷ്യർക്കുവേണ്ടി മരിക്കുന്നതിലൂടെ പുത്രൻ പിതാവിന്റെ സ്നേഹവും പ്രീതിയും നേടിയെടുത്തവനാണ്.'' അതായത്, സ്വയം മുറിയപ്പെടാൻ മനസ്സാകുമ്പോഴാണ് ഇടയന്മാർ യഥാർത്ഥ ഇടയന്മാരായിത്തീരുക. പൊതുവെ, ഇടയന്മാർ എന്നാൽ സഭയെ നയിക്കുന്ന മെത്രാന്മാരെയും വൈദികരെയുമാണ് ഉദ്ദേശിക്കുന്നത്. എന്നാൽ, യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിലൂടെ ഇങ്ങനെ പറയുന്നു: ''ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്ന ഏതൊരുവനും ഇടയനാണ്.'' അങ്ങനെയെങ്കിൽ നാമായിരിക്കുന്ന ജീവിതാവസ്ഥയിൽ നമുക്കോരോരുത്തർക്കും ഓരോ ഇടയധർമ്മമാണ്.

മാതാപിതാക്കൾ മക്കൾക്ക് നേർവഴി കാട്ടുമ്പോൾ, അവർക്കായി ചോരനീരാക്കി അദ്ധ്വാനിക്കുമ്പോൾ അവർ നല്ല ഇടയന്മാരായി മാറുകയാണ് ചെയ്യുന്നത്. അദ്ധ്യാപകർ കുട്ടികൾക്ക് നേർവഴി കാട്ടുമ്പോൾ അവർ നല്ല ഇടയന്മാരായി മാറുന്നു. എന്നാൽ, ഇന്നത്തെ സമൂഹത്തിൽ നാം കാണുന്ന പല സംഭവങ്ങളും പത്രമാധ്യമങ്ങളിൽ വരുന്ന നല്ലൊരു ശതമാനം വാർത്തകളും ഇടയന്മാർ ആടുകളെ ഉപേക്ഷിച്ച് കടന്നുപോകുന്നതിനെപ്പറ്റിയാണ്. ഈ വളയിൽ നമുക്കും ചിന്തിക്കാം, തിരക്കേറിയ ജീവിതസാഹചര്യത്തിൽ എന്റെ ഇടയധർമ്മം മറന്നുപോയ നിമിഷങ്ങൾ എന്നിലുണ്ടായിട്ടുണ്ടോ എന്ന്.

നല്ല ഇടയന്മാർ തനിക്കുള്ള ആടുകളെ അടുത്തറിയുകയും അവയെ പേരുചൊല്ലി വിളിക്കുകയും ചെയ്യുന്നതുപോലെ തന്നെ പ്രസക്തിയുള്ളതാണ് നല്ല ഇടയന്റെ സ്വരം തിരിച്ചറിയുവാനും അനുഗമിക്കുവാനുമുള്ള ആടിന്റെ കഴിവും. ദൈവവചനത്തെ തെറ്റായ രീതിയിൽ വളച്ചൊടിക്കുന്ന പെന്തക്കുസ്താ സമൂഹങ്ങളിലേയ്ക്ക് ആകർഷിക്കപ്പെടുന്നവർ മാധ്യമങ്ങളിലൂടെ വരുന്ന പൊള്ളയായ വാർത്തകളിൽ ഇടയന്റെ സ്വരം തിരിച്ചറിയാൻ സാധിക്കാത്തവരാണ്. ആടിന് ഇടയന്റെ ഗന്ധം തിരിച്ചറിയാൻ കഴിയുമ്പോൾ അതിന് വഴി തെറ്റുകയില്ല.

നല്ല ഇടയന്റെ കഥ പറയുകയാണ് വിശുദ്ധ ബലി. അല്ലെങ്കിൽ നല്ല ഇടയന്റെ അനുസ്മരണമാണ് വിശുദ്ധ കുർബാന. ഈ വിശുദ്ധ ബലിയിൽ നല്ല ഇടയനെപ്പോലെ നമ്മുടെ സഹോദരങ്ങൾക്ക്, മക്കൾക്ക്, മാതാപിതാക്കൾക്കുവേണ്ടി ബലിയാകാനുള്ള ബലം കിട്ടാൻ നമുക്ക് പ്രാർത്ഥിക്കാം. അതുപോലെ, തിരുവചന വായനയിലൂടെ കൂദാശാപരമായ ജീവിതത്തിലൂടെ നല്ല ഇടയനായ ഈശോയുടെ വാക്കുകളെ ശ്രവിച്ച് മുന്നോട്ടുപോകുന്ന നല്ല ആടുകളായി മാറാൻ നമുക്ക് പരിശ്രമിക്കാം. നല്ല ഇടയനായി മാറാനും നല്ല ആടുകളായി മാറാനുമുള്ള കൃപ തരണമേയെന്ന് ഈ വിശുദ്ധ കുർബാനയിൽ നമുക്ക് പ്രാർത്ഥിക്കാം.